പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3084 07.02.2018 ൽ മറുപടിയ്ക്ക്

## തുടർവിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>" കാരാട്ട് റസാഖ്<br>" എസ്. രാജേന്ദ്രൻ<br>" സി.കെ.ശശീന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ തുടർ വിദ്യാഭ്യാസ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. സാക്ഷരതാ മിഷന്റെ ഭരണസമിതിയായ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ജനറൽ കൗൺസിലിലും അതോടൊപ്പം പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായിട്ടുള്ള തുല്യതാബോർഡിലും സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേരുന്ന ജില്ലാതല അവലോകന യോഗത്തിലും തുടർ വിദ്യാഭ്യാസ പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. |
| (ബി) | ക്ലാസ്സുകളുടെ നടത്തിപ്പ്, അദ്ധ്യാപകരുടെ യോഗ്യത, നിയമനത്തിന്റെ മാനദണ്ഡം എന്നിവ ഏതു തരത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | തുല്യതാ കോഴ്സുകളുടെ പഠനക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ, എയ്ഡഡ് സ്കൂളുകളിലാണ് നടത്തിവരുന്നത്. പത്താംതരം തുല്യതാ കോഴ്സിലെ വിഷയങ്ങളിൽ ക്ലാസെടുക്കുന്ന അധ്യാപകർക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദവും ബിഎഡുമാണ് യോഗ്യത. ഹയർസെക്കൻഡറി തുല്യതാ കോഴ്സിലെ അധ്യാപകർക്ക് ബിരുദാനന്തര ബിരുദവും ബിഎഡും സെറ്റുമാണ് യോഗ്യതയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | കൂടുതൽ പഠിതാക്കൾക്ക് അവസരമൊരുക്കുന്നതിനായി പഠനകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വ്യക്തമാക്കുമോ; | (സി) | തുല്യതാ കോഴ്സുകളിൽ രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് പത്താംതരം തുല്യതാ കോഴ്സിന് 75 പഠിതാക്കൾക്ക് ഒരു ക്ലാസ് എന്ന നിലയിലും ഹയർസെക്കൻഡറിക്ക് 50 പഠിതാക്കൾക്ക് ഒരു ക്ലാസ് എന്ന നിലയിലും പഠന ക്ലാസ്സുകളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത വിദ്യാഭ്യാസ – സാംസ്കാരിക- സന്നദ്ധ- സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പഠനകേന്ദ്രങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുമോ ? | (ഡി) | സർക്കാർ എയ്ഡഡ് സ്കൂളുകൾ മാത്രമാണ് സമ്പർക്ക പഠന കേന്ദ്രങ്ങളായി പ്രയോജനപ്പെടുത്തുന്നത്. നിലവിൽ ഈ സൗകര്യം പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ